(6) കുട്ടനാട്ടിലെ ശുദ്ധജലക്ഷാമം

ഡോ. കെ.സി. ജോസഫ്: സർ, കുട്ടനാട് മേഖലയിൽ വരൾച്ച രൂക്ഷമായതോടുകൂടി ജലനിരപ്പ് താഴ്ന്നിരിക്കുന്നു. ജലമലിനീകരണവും രൂക്ഷമായിരിക്കുന്നു. ജലാശയങ്ങൾ മുഴുവൻ മലിനീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ജലജന്യ രോഗങ്ങളുടെ ഭീഷണി വർദ്ധിച്ചിരിക്കുകയാണ്. ഇപ്പോൾ തണ്ണീർമുക്കം ബണ്ട് തുറക്കുന്നതിനുവേണ്ടി തീരുമാനമെടുത്തിരിക്കുന്നു 17-ന് തുറക്കാനാണ് ജില്ലാ കലക്ടർ തീരുമാനിച്ചിരിക്കുന്നത്. പക്ഷേ ഒരാഴ്ചകൂടി നീട്ടിവയ്ക്കണമെന്നാണ് കൃഷിക്കാരുടെ ആവശ്യം. തണ്ണീർമുക്കം ബണ്ട് തുറക്കുന്നതോടുകൂടി വേമ്പനാട്ടു കായലും കുട്ടനാടൻ ജലാശയങ്ങളും ഉപ്പുരസമുള്ളതായി തീരും. അതുകൊണ്ട് കുട്ടനാട്ടിൽ വാഹനങ്ങളിലോ ടാങ്കർ ലോറികളിലോ കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ സ്കീം ഇല്ലാത്ത സ്ഥലങ്ങളിൽ വാഹനങ്ങളിൽ ജല വിതരണം നടത്തണം. വരൾച്ചാ ദുരിതാശ്വാസനിധിയിൽപ്പെടുത്തി പൈപ്പു ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുന്നതിനുവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാന്യനായ ഡോ. കെ.സി. ജോസഫ് വിശദീകരിച്ച കാര്യം വളരെ ഗൗരവമുള്ളതാണ്. ഗവൺമെന്റ് ഇക്കാര്യം ഗൗരവത്തോടുകൂടി തന്നെയാണ് വീക്ഷിക്കുന്നത്. കുട്ടനാട്ടിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ, വൾണറബിൾ എരിയായിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം ആലപ്പുഴ കളക്ടർക്ക് കൊടുക്കാം. 11-ാം തീയതി തന്നെ ഇവിടെ നിന്നും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. വരൾച്ചയുടെ ആരംഭമായി. അതുകൊണ്ട് എവിടെയൊക്കെയാണ് കുടിവെള്ളം കൊടുക്കേണ്ട പ്രദേശങ്ങളെന്ന് ഐഡന്റിഫൈ ചെയ്ത് കുടിവെള്ളം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആലപ്പുഴയുടെ കാര്യത്തിൽ പ്രത്യേകം നിർദ്ദേശം വീണ്ടും കൊടുക്കാം.

(7) തിരുവനന്തപുരം ജഗതിയിലെ പാറാച്ചിറ മാടൻ തമ്പുരാൻ ക്ഷേത്രത്തിലെ പാലമരം മുറിച്ചു മാറ്റിയതു സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ: സർ, തിരുവനന്തപുരം നഗരത്തിൽ ജഗതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീടിന്റെ മുമ്പിൽ പാറാച്ചിറ മാടൻ തമ്പുരാൻ ക്ഷേത്രമുണ്ട്. അവിടെ നിന്നിരുന്ന ഒരു പാലമരം, വളരെ വലുതായതിനാൽ ആളുകൾക്കും കിള്ളിയാറിന്റെ തീരത്ത്, മേജർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒരു ബണ്ടിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുമെന്ന് കണ്ടപ്പോൾ, അമ്പലക്കമ്മറ്റിക്കാർ ഹൈന്ദവ ആചാര പ്രകാരം പ്രശ്നം വച്ച്, പ്രശ്ന വിധി പ്രകാരം 8000 രൂപയോളം മുടക്കി പൂജ ചെയ്തതിനുശേഷമാണ് മരം മുറിച്ചു മാറ്റാൻ തുടങ്ങിയത്. ഈ ഘട്ടത്തിൽ അടുത്ത താമസക്കാരനായ റവന്യൂ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടുകയും അമ്പലകമ്മിറ്റിക്കാരുടെ പേരിൽ നോട്ടീസ് അയയ്ക്കുകയും ചെയ്തിരിക്കുകയാണ്. 30,000 രൂപ നൽകണമെന്ന് കാണിച്ചാണ് അമ്പലകമ്മിറ്റിക്കാർക്ക് നോട്ടീസ് കൊടുത്തിരിക്കുന്നത്. മൂന്നാറിൽ ഏക്കറു കണക്കിനു ഭൂമി കയ്യേറി മരങ്ങൾ മുറിച്ചു മാറ്റിയിട്ട് അതിനെതിരെ നടപടിയെടുക്കാൻ തയ്യാറാകാത്ത റവന്യൂ സെക്രട്ടറി, അമ്പലത്തിൽ ഉണ്ടായിരുന്ന ഒരു പാഴ്മരം മുറിച്ചപ്പോൾ, അതിനെതിരെ പിഴയൊടുക്കാൻ വേണ്ടി നടത്തുന്ന നടപടി ശരിയല്ല. അമ്പലകമ്മിറ്റിക്കാരോട് ഇത്രയും ക്രൂരമായ നടപടി സ്വീകരിക്കരുത്. മരം കയ്യേറ്റം, ഭൂമി കയ്യേറ്റം ഇതെല്ലാം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്ത ഇതേ റവന്യൂ സെക്രട്ടറിയുടെ നടപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇടപെട്ട് പിൻവലിപ്പിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, റവന്യൂ സെക്രട്ടറി ഇങ്ങനെ ചെയ്തതായിട്ട് സർക്കാർ രേഖകളിലൊന്നും ഞാൻ കണ്ടില്ല. ഇതു സംബന്ധിച്ച് ഗവൺമെന്റിനോട് ആലോചിക്കുകയോ അക്കാര്യത്തിൽ ഗവൺമെന്റ് നിർദ്ദേശം കൊടുക്കുകയോ ചെയ്തിട്ടില്ല. ഇതൊക്കെ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ആക്ഷനാണ്. ഇതു സംബന്ധിച്ച തഹസീൽദാരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ കൊടുക്കാം. അപ്പീൽ കഴിഞ്ഞ് ഗവൺമെന്റിൽ റിവിഷന് വരുന്ന സന്ദർഭത്തിൽ തീർച്ചയായും ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഇതു വലിയൊരു പ്രശ്നമായി കൊണ്ടുപോകേണ്ട കാര്യമില്ല. നമുക്കിതു രമ്യമായി പരിഹരിക്കാവുന്നതേയുള്ളൂ.

(8) കോഴിക്കോട് ഈസ്റ്റ് ഹില്ലിലെ ഹൗസിംഗ് ബോർഡ് കോളനി നിവാസികൾക്ക് തീറാധാരം നൽകണമെന്ന ആവശ്യം

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് ഈസ്റ്റ് ഹില്ലിൽ ഹൗസിംഗ് ബോർഡിന്റെ കീഴിലുള്ള ഹൗസിംഗ് കോളനിയിലെ നിവാസികൾ 1998-ലും 2002-ലും മുഴുവൻ സംഖ്യയും അടച്ചുതീർത്തിട്ടും അവർക്ക് തീറാധാരം നൽകാത്ത ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. എഴുന്നൂറോളം കോളനി നിവാസികളുടെ അഡ്വാൻസ് തുക വാങ്ങിയിട്ടാണ് ഹൗസിംഗ് ബോർഡ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി, അമിത പലിശക്കാരുടെ മേൽ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. ഹൗസിംഗ് ബോർഡ് ഈടാക്കുന്നത് 20 ശതമാനം പലിശയാണ്. അമിത പലിശ ഈടാക്കുന്നിടത്ത് റെയിഡു നടത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ റെയിഡു നടത്തേണ്ടത് ഹൗസിംഗ് ബോർഡിലല്ലേ? അടിയന്തിരമായി ഇതിൻമേൽ നടപടി സ്വീകരിക്കണം. Development cost എന്ന പേരിൽ തുക ഈടാക്കുന്നത് അടിയന്തിരമായി പിൻവലിക്കണം. പണമടച്ച് തീർത്തവർക്ക് തീറാധാരം നൽകണം. 20 ശതമാനം നിരക്കിൽ ഈടാക്കുന്ന പലിശ നിരക്ക് കുറച്ചേ മതിയാകൂ. ഹൗസിംഗ് കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വളരെ മോശമായ അവസ്ഥയിലാണ് ഹൗസിംഗ് കോളനി നിലനിൽക്കുന്നത്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് അടിയന്തിരമായി നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly